

ഖുർആൻ ആശയ വിവരണം
**കെ പി സകരിയ്യ**

# സ്വകാര്യ സംഭാഷണം

**(അധ്യായം 58 • മുജാദില)**

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوٓاْ إِذَا نَٰجَيۡتُمُ ٱلرَّسُولَ
فَقَدِّمُواْ بَيۡنَ يَدَيۡ نَجۡوَىٰكُمۡ صَدَقَةٗۚ ذَٰلِكَ خَيۡرٞ
لَّكُمۡ وَأَطۡهَرُۚ فَإِن لَّمۡ تَجِدُواْ فَإِنَّ ٱللَّهَ غَفُورٞ رَّحِيمٌ
١٢ ءَأَشۡفَقۡتُمۡ أَن تُقَدِّمُواْ بَيۡنَ يَدَيۡ نَجۡوَىٰكُمۡ
صَدَقَٰتٖۚ فَإِذۡ لَمۡ تَفۡعَلُواْ وَتَابَ ٱللَّهُ عَلَيۡكُمۡ
فَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ وَأَطِيعُواْ ٱللَّهَ
وَرَسُولَهُۥۚ وَٱللَّهُ خَبِيرُۢ بِمَا تَعۡمَلُونَ ١٣

12. സത്യവിശ്വാസികളേ, നിങ്ങൾ ദൈവദൂതനുമായി സ്വകാര്യസംഭാഷണം നടത്തുകയാണെങ്കിൽ നിങ്ങളുടെ രഹസ്യ ഭാഷണത്തിനു മുമ്പായി വല്ലതും ദാനമായി നൽകുക. അത് നിങ്ങൾക്ക് പുണ്യവും പവിത്രവുമത്രെ. ഇനി ദാനം ചെയ്യാൻ ഒന്നും ലഭിച്ചില്ലെങ്കിൽ സാരമില്ല. അല്ലാഹു ഏറെ പൊറുക്കുന്നവനും ദയാപരനും തന്നെയാണ്.
13. നിങ്ങളുടെ സ്വകാര്യ സംഭാഷണങ്ങൾക്ക് മുമ്പേ വല്ലതും ദാനം നൽകണമെന്ന് പറഞ്ഞതുകൊണ്ട് നിങ്ങൾ പേടിച്ചുപോയോ? എന്നാൽ നിങ്ങളത് അനുവർത്തിക്കാതിരിക്കുകയും അല്ലാഹു നിങ്ങൾക്ക് മാപ്പരുളുകയും ചെയ്തിരിക്കയാൽ ഇനിയത് പ്രശ്നമാക്കേണ്ട. നമസ്കാരം നിഷ്ഠയോടെ നിർവഹിക്കുക. സകാത്ത് നൽകുക, അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിക്കുക. നിങ്ങൾ ചെയ്യുന്നതൊക്കെയും നന്നായറിയുന്നവനാണ് അല്ലാഹു.

## പദവിശകലനം

**يا أيها الذين آمنوا** സത്യവിശ്വാസികളേ, **إذا ناجيتم** നിങ്ങൾ സ്വകാര്യ സംഭാഷണം നടത്തുകയാണെങ്കിൽ, **الرسول** ദൈവദൂതനുമായി, **فقدموا** എന്നാൽ സമർപ്പിക്കുവിൻ, **بين يدي نجواكم** നിങ്ങളുടെ സ്വകാര്യ സംഭാഷണത്തിന് മുമ്പായി, **صدقة** ഒരു ദാനധർമം, **ذلك** അത്, **خير لكم** നിങ്ങൾക്കു പുണ്യവും, **وأطهر** പവിത്രവുമത്രെ,

**فإن لم تجدوا** ഇനി നിങ്ങൾക്ക് (ദാനം ചെയ്യാൻ) ഒന്നും ലഭിച്ചില്ലെങ്കിൽ, **فإن الله** എന്നാൽ അല്ലാഹു, **غفور** ഏറെ പൊറുക്കുന്നവനും, **رحيم** ദയാപരനുമാണ്,

**إذا أشفقتم** നിങ്ങൾ പേടിച്ചുപോയോ?, **أن تقدموا** വല്ലതും സമർപ്പിക്കുന്നതിൽ, **بين يدي نجواكم** നിങ്ങളുടെ സ്വകാര്യ സംഭാഷണത്തിന് മുമ്പ്, **صدقات** വല്ല ദാനധർമങ്ങളും, **فإذ لم تفعلوا** എന്നാൽ നിങ്ങൾ ചെയ്യാതിരിക്കെ, **وتاب الله** അല്ലാഹു മാപ്പാക്കുകയും, **عليكم** നിങ്ങളോട്, **فأقيموا الصلاة** നമസ്കാരം നിലനിർത്തുക,

**وءاتوا الزكاة** സകാത്ത് കൊടുക്കുകയും ചെയ്യുവിൻ, **وأطيعوا الله** അല്ലാഹുവിനെ അനുസരിക്കുക, **ورسوله** അവന്റെ ദൂതനെയും, **والله** അല്ലാഹു, **خبير** നന്നായി അറിയുന്നവനാണ്, **بما تعملون** നിങ്ങൾ ചെയ്യുന്നതൊക്കെയും.

## ആശയം

മദീന പോരാട്ടങ്ങളുടെ ഭൂമികയാകുന്ന സന്ദർഭം. നബി(സ)ക്ക് ഏറെ തിരക്കുള്ള നേരം. ഈ വേളയിൽ സന്ദർഭത്തിന്റെ ഗൗരവം മനസ്സിലാക്കാതെ നബിയോ

**വലിയ നേതാക്കന്മാരോട് സ്വകാര്യം പറഞ്ഞ് ഞാൻ വലിയ ബന്ധങ്ങളുള്ള ആളാണെന്ന് വരുത്താൻ ശ്രമിക്കുന്ന പ്രവണത പല അൽപന്മാരിലും കണ്ടുവരുന്ന ആശ്വാസ്യമല്ലാത്ത ഒരു നടപടിയാണ്. ചിലർ ഇപ്രകാരം സ്വകാര്യം പറഞ്ഞ് അത് ഉപയോഗിച്ച് ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നു. ഇത് ആളുകൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കും. ഒട്ടനവധി പ്രധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള ഒരു നേതാവിന്റെ സമയം വളരെ പ്രധാനപ്പെട്ടതാണ്. അത് മനസ്സിലാക്കി വേണം അദ്ദേഹവുമായുള്ള ഇടപെടലുകൾ. ഈ നിയമം നടപ്പാക്കാൻ കൽപന നൽകിയതിനെത്തുടർന്ന് നബി(സ)ക്ക് ആശ്വാസം ലഭിക്കാൻ തുടങ്ങി. സ്വകാര്യ സംഭാഷണത്തിന്റെ ആധിക്യം നിലച്ചു. നബി(സ)ക്ക് സ്വൈര്യം കിട്ടി. അതിനാൽ തന്നെ ഈ നിയമത്തിൽ ഇളവ് നൽകി.**

ട് സ്വകാര്യ സംഭാഷണത്തിന് ശ്രമം നടത്തുന്ന ചില വ്യക്തികൾ. ഈ സമയം മുതലെടുത്ത് നബി(സ)യെ ക്ലേശിപ്പിക്കാൻ വിചാരിക്കുന്ന മറ്റു ചില കപടന്മാർ. നബി(സ)യുടെ വിലയേറിയ സമയം നഷ്ടപ്പെടുത്താൻ ശ്രമിക്കുന്നവർക്ക് താൽക്കാലികമായി തടയിടുന്നതിനുള്ള ചില നിയമനിർദേശങ്ങൾ വിശ്വാസികൾക്ക് മുമ്പിൽ വെക്കുകയാണ്. നബി(സ)യുടെ അരികിൽ നിർബാധം കയറിച്ചെന്ന് സ്വകാര്യം പറയാൻ ശ്രമം നടത്തുകയും അതുവഴി നബി(സ)ക്ക് ക്ലേശമുണ്ടാക്കുകയും ആളുകൾക്കിടയിൽ അങ്കലാപ്പുണ്ടാക്കാൻ ശ്രമം നടത്തുകയും ചെയ്യുന്ന പ്രവണതയ്ക്ക് ഒരു നിയന്ത്രണം ഏർപ്പെടുത്തുകയാണ്.

പ്രവാചകനോട് സ്വകാര്യസംഭാഷണം നടത്താൻ ആഗ്രഹിക്കുന്നവർ അതിന് മുമ്പ് ധർമവിഷയത്തിൽ ഉപയോഗപ്പെടുത്താൻ സാധിക്കുംവിധം എന്തെങ്കിലും സമർപ്പിക്കണം. ഇതുമുഖേന ദരിദ്രന്മാർക്ക് ഉപകാരവും നബി(സ)ക്ക് തിരക്കിൽ നിന്നൊഴിഞ്ഞ ആശ്വാസവും ലഭിക്കും. ഈ സ്വദഖ നബി(സ)ക്ക് വേണ്ടിയല്ല. സാധുക്കൾക്ക് വേണ്ടിയാണ്. ഇത്തരമൊരു നിബന്ധന കർശനമായ നിയമമല്ല. എന്നാൽ ഇതുമുഖേന ചെറിയൊരു നിയന്ത്രണം ഏർപ്പെടുത്തുകയാണ്. ഈ നിയന്ത്രണം മുഖേന നബി(സ)ക്ക് ആശ്വാസം ലഭിക്കാൻ തുടങ്ങി. അതിനാൽ തന്നെ വളരെ വൈകാതെ അതിൽ അയവുവരുത്തി.

വലിയ നേതാക്കന്മാരോട് സ്വകാര്യം പറഞ്ഞ് ഞാൻ വലിയ ബന്ധങ്ങളുള്ള ആളാണെന്ന് വരുത്താൻ ശ്രമിക്കുന്ന പ്രവണത പല അൽപന്മാരിലും കണ്ടുവരുന്ന ആശ്വാസ്യമല്ലാത്ത ഒരു നടപടിയാണ്. ചിലർ ഇപ്രകാരം സ്വകാര്യം പറഞ്ഞ് അത് ഉപയോഗിച്ച് ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നു. ഇത് ആളുകൾക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കും. ഒട്ടനവധി പ്രധാന പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള ഒരു നേതാവിന്റെ സമയം വളരെ പ്രധാനപ്പെട്ടതാണ്. അത് മനസ്സിലാക്കി വേണം അദ്ദേഹവുമായുള്ള ഇടപെടലുകൾ.



ഈ നിയമം നടപ്പാക്കാൻ കൽപന നൽകിയതിനെത്തുടർന്ന് നബി(സ)ക്ക് ആശ്വാസം ലഭിക്കാൻ തുടങ്ങി. സ്വകാര്യ സംഭാഷണത്തിന്റെ ആധിക്യം നിലച്ചു. നബി(സ)ക്ക് സ്വൈര്യം കിട്ടി. അതിനാൽ തന്നെ ഈ നിയമത്തിൽ ഇളവ് നൽകി. ഓരോ സന്ദർഭവും മനസ്സിലാക്കിയും അവ കണക്കിലെടുത്തും വേണം വിശ്വാസികൾ അരുടെ സാമൂഹികമായ ഇടപെടലുകൾ നടത്താൻ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

## അവതരണ സന്ദർഭം

ഈ വാക്യത്തിന്റെ അവതരണ സന്ദർഭത്തെപ്പറ്റിയുള്ള ഒരു നിവേദനം ഇപ്രകാരം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു.

**أخرج ابن خرير عن ابن عباس قال: إن المسلمين أكثروا المسائل على رسول الله(ص) حتى شاقوا عليه فأراد الله أن يخفف عن نبيه فأنزل (إذا ناجيتم الرسول فقدموا بين يدى نجواكم صدقة) فلما نزلت صبر كثير من الناس وكفوا عن المسألة فأنزل الله بعد ذلك(ءأنفقتم) الآية**

ഇബ്നു അബ്ബാസിൽ(റ) നിന്ന് ഇബ്നുജരീർ(റ) ഉദ്ധരിക്കുന്നു: അദ്ദേഹം പറഞ്ഞു: പ്രവാചകന് ക്ലേശം വരുംവിധം മുസ്‌ലിംകൾ നബി(സ)യോടുള്ള അന്വേഷണങ്ങൾ അധികരിപ്പിച്ചിരുന്നു. ഈ കാര്യത്തിൽ നബി(സ)ക്ക് ഒരു ആശ്വാസം വരുത്താൻ അല്ലാഹു ഉദ്ദേശിച്ചു. അങ്ങനെ അല്ലാഹു ഈ വാക്യം അവതരിപ്പിച്ചു. അതവതരിച്ചപ്പോൾ ജനങ്ങൾ അതിൽ നിയന്ത്രിതരാവുകയും ചോദ്യങ്ങളുടെ ആധിക്യം കുറയുകയും ചെയ്തു. അതിനെത്തുടർന്ന് അടുത്ത വചനങ്ങളും അവതരിച്ചു. (അത്തഫ്സീറുൽ മുനീർ 28/418) ●